**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2318** **16-03-2022 - ൽ മറുപടിയ്ക്ക്**

**ഖരമാലിന്യ സംസ്കരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി നഗരസഭയുടെ പരിധിക്കുള്ളിൽ ഖരമാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | പൊന്നാനി നഗരസഭയിൽ 2 ടൺ ജൈവമാലിന്യമാണ് പ്രതിദിനം ഉത്പാദിപ്പിക്കപ്പെടുന്നത്. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനാണ് നഗരസഭ പ്രാമുഖ്യം നൽകുന്നത്. ഗാർഹിക മാലിന്യ സംസ്കരണ ഉപാധികളായ ബയോഗ്യാസ് പ്ലാന്റ്, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ് എന്നിവ വാർഷിക പദ്ധതിയിൽ തുക വകയിരുത്തി വിതരണം ചെയ്തിട്ടുള്ളതാണ്. അജൈവ മാലിന്യം ഹരിത കർമ്മസേന മുഖേന ശേഖരിച്ച് തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകി വരുന്നു. |
| (ബി) | പൊന്നാനി മണ്ഡലത്തിൽ കോഴിമാലിന്യാവശിഷ്ടങ്ങൾ സംസ്കരിച്ച് വളമാക്കുന്നതിനായി ആധുനിക രീതിയിലുള്ള മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) | പൊന്നാനി മണ്ഡല പരിധിയിൽ നിലവിൽ അത്തരത്തിലൊരു പദ്ധതി ഏറ്റെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ